പ്പററി ചിന്തിക്കുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ശരിയായിട്ടനോക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— സ്കൂൾ തുറന്നാൽ മൂന്നാഴ്ച പ്രവേശനമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പർ പറഞ്ഞു. ഞാൻ ചോദിക്കുന്ന മൂന്നാഴ്ചക്കുള്ളിൽ ആരെങ്കിലും ഇൻറൻറ് അയയ്ക്കുക പതിവുണ്ടോ എന്ന്?

മിസ്റ്റർ എം. പി. ചെറിയാൻ.— സാധാരണ വരുന്നുണ്ടാകാം. രണ്ടോ മൂന്നോ ദിവസം താമസിച്ച് വന്നിട്ടുണ്ടോ എന്ന് പറയുന്നതിന് നൊട്ടീസ് വേണം.

Wardens—Depressed Class Colonies—qualification, duties, etc.

8. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യർ.— താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു ടയവായി മറുപടി പറയുമൊ.—

(എ) അധഃകൃത ഡിപ്പാർട്ടുമെണ്ടിൽ കോളനി വാർഡന്മാരായി എത്രപേരുണ്ട്; ഇവർ ഓരോ ജാതിക്കാരുടേയും ജാതിപ്പേർ പറയാമൊ;

(ബി) കോളനി വാർഡന്മാരാകുവാൻ എത്ര ക്ലാസുവരെ പഠിച്ചവരാകേണമെന്ന ഗവമ്മെണ്ടു നിശ്ചയമുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ ജോലി നോക്കിവരുന്ന വാർഡന്മാരുടെ പരീക്ഷാസർട്ടിഫിക്കറുകൾ മേശപ്പുറത്തു വെക്കാമൊ;

(സി) കോളനി വാർഡന്മാക്കുള്ള ജോലിയെന്ത്; വാർഡന്മാർ ഇന്ന ജോലി ചെയ്യണമെന്ന് ഗവമ്മെണ്ടു നിശ്ചയമുണ്ടോ;

(ഡി) അധഃകൃത ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗങ്ങളിൽ കഴിയുന്നതും അധഃകൃതരെതന്നെ നിയമിക്കുന്നതിന്ന് ഗവമ്മെണ്ടിന്ന വിരോധമുണ്ടോ?

മിസ്റ്റർ എം. പി. ചെറിയാൻ.—

(എ) 6ഉ വാർഡന്മാരുണ്ട്. അവരുടെ വിവരം കാണിക്കുന്ന ഒരു പട്ടിക അനുബന്ധിച്ചിരിക്കുന്നു. *(Vide Appendix II.)*

(ബി) കോളനി വാർഡർന്മാർ എത്ര ക്ലാസ് പഠിക്കണമെന്ന ക്ലിപ്തപ്പെടുത്തീട്ടില്ല. ഇപ്പോൾ ഉള്ള വാർഡന്മാരിൽ 2 പേർ സ്കൂൾ ഫൈനൽ പാസ്സായിട്ടുണ്ട്.

ഉത്തരം ആവശ്യമില്ല.

(സി) കോളനി നിവാസികളുടെ അഭിവൃദ്ധിക്കുവേണ്ടി ഡിപ്പാർട്ടുമെണ്ടിൽനിന്നും അയക്കുന്ന കല്പനകളെ നിറവേറുകയും. എഴുത്തു

LIBRARY ARCHIVES Kerala Legislative Assembly

കുത്തുകയും നടത്തുകയും, അക്ഷരാഭ്യാസമില്ലാത്തവർക്ക് ട്യൂഷൻ കൊടുക്കുകയും മറ്റുമാണ്.

(ഡി) അധഃകൃതഡിപ്പാർട്ടുമെണ്ടിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പ്രാപ്തിയും യോഗ്യതയും ഉള്ള അധഃകൃതസ്ഥാനാർത്ഥികളെ കഴിയുന്നതും നിയമിക്കുന്നതാണ്.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— കാളനി വാർഡന്മാരായി ഇതിനുമുമ്പ് വിദ്യാഭ്യാസം ഇല്ലാത്തവർ ഉണ്ടായിരുന്നുവോ?

മിസ്റ്റർ എം. പി. ചെറിയാൻ.— ഉണ്ടായിരിക്കാൻ വഴിയില്ല.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— ഇതിൽ പറഞ്ഞിരിക്കുന്ന വാർഡന്മാരായി കൂടുതൽ വിദ്യാഭ്യാസമുള്ളവരെ അധഃകൃതവകുപ്പിൽനിന്നും തന്നെ നിയമിക്കുന്നതിനു ഗവമ്മെണ്ടിനു ഭയവുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.— വിരോധമില്ല.

Houses in Anandapuram Colony—repairs to.

9. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ:—

(എ) ഫ ഫ ഠ ൻ; ഫ ഫ ഫ ഠ, ഫ ഫ ഫ ഫ. ഈ കൊല്ലങ്ങളിളിൽ കോളനികൾ പണിതുകൊടുക്കുന്നതിനു എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിൽ പണമില്ലെന്നു പറഞ്ഞു മടക്കി അയച്ച അപേക്ഷകൾ എത്ര;

(ബി) ആനന്ദപുരം കോളനിയിൽ ഫ ഠ ഠ ഉറ്റുപ്പിക ചിലവാക്കി പണിതു കൊടുത്തിട്ടുള്ള പുരകൾ കേടുവന്നു കിടക്കുന്നതെത്ര;

(സി) ആ വിവരം അവിടെ ആരെങ്കിലും വന്നു പറയുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉടനെ പണി കഴിച്ചു കൊടുക്കുവാൻ ഗവമ്മെണ്ടിനു ഭയവുണ്ടാകുമോ?

മിസ്റ്റർ എം. പി. ചെറിയാൻ.—(എ) ഫ ഫ ഠ ൻ, ഫ ഫ ഫ ഠ, ഫ ഫ ഫ ഫ ഈ കൊല്ലങ്ങളിൽ എല്ലാ താലൂക്കുകളിലും പുറമ്പോക്കു സ്ഥലത്തു കോളനികൾ സ്ഥാപിച്ചുകൊടുത്തിട്ടുണ്ട്. പുറമ്പോക്കു സ്ഥലം ഇല്ലാത്ത ദിക്കുകളിൽ പണം ഉണ്ടാകുമ്പോൾ സ്ഥലം അകപയർ ചെയ്തു കോളനി സ്ഥാപിച്ചു കൊടുക്കുന്നതാണെന്നു മറുപടി കൊടുത്തിട്ടുണ്ട്. അപേക്ഷകളുടെ എണ്ണം ക്ലിപ്തമായി പറയുവാൻ പ്രയാസമാണ്.

(ബി) ആനന്ദപുരം കോളനിയിൽ വാർഡന്റെ ആഫീസു കെട്ടിടത്തിന്റെ ചില ഓട്ടകൾ ശക്തിയായ കാറ്റുകൊണ്ടു വീണുപോയതായി അറിവു കിട്ടിയിട്ടുണ്ട്.

(സി) ഉണ്ട്. അതിന്റെ കേട് കഴിയുന്നവേഗത്തിൽ തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II.

(Question No. 8.)

വരിക്കണക്കിന്റെ നമ്പർ	കോളനികളുടെ പേർ	വാർഡന്മാരുടെ പേർ	ജാതി
൧	വിജയരാഘവപുരം	വി. ശിവദാസമേനോൻ	നായർ
൨	കുന്ദംകുളം കോളനി	പി. കൃഷ്ണമേനോൻ	ടി
൩	വന്മിതി	കെ. കൃഷ്ണമേനോൻ	ടി
൪	കുറിയാർകുട്ടി	കെ. ശങ്കരമേനോൻ	ടി
൫	പാമ്പിക്കുളം	എം. രാമമേനോൻ	ടി
൬	അരണാട്ടുകര	കെ. ഡബ്ല്യു. ശ്രീധരമാരാർ	മാരാർ
൭	വെള്ളാരപ്പിള്ളി	യു. ഗോപാലക്കുറുപ്പ്	മാരാർ കുറുപ്പ്
൮	നെട്ടൂർ ഉള്ളാടകോളനി	സി. കൊച്ചയ്യപ്പൻ	ഇഴവൻ
൯	ഹെർബട്ട്നഗർ "	എൻ. കെ. ഗോപാലൻ	ടി
൧൦	ഒല്ലൂക്കര "	ടി. എസ്സ്. രാമൻ	ടി
൧൧	പെരുമ്പിലാവ് "	കെ. എസ്സ്. രാഘവൻ	ടി
൧൨	വേലൂർ "	എം. അപ്പു	ടി
൧൩	കുമരനെല്ലൂർ "	ആർ. കൃഷ്ണൻ	ടി
൧൪	പുളിക്കമാലി "	വി. എ. ശങ്കുണ്ണി	ടി
൧൫	ഇരിങ്ങാലക്കുട "	ജി. കെ. പെങ്ങൻ	പുലയൻ
൧൬	വെള്ളിക്കുളങ്ങര "	കെ. സി. കൊടിയൻ	ടി
൧൭	വെണ്ടുരുത്തി "	ടി. എ. കുഞ്ഞുണ്ണി	ടി

APPENDIX III.

(Question No. 16.)

എളങ്കുളം പൂണിത്തുറ വില്ലേജ് പഞ്ചായത്ത് പ്രസിഡെണ്ട് അവർകൾ മുമ്പാകെ കടവന്തറ, ചിലവന്നൂർ, പാലാത്തുരുത്തി എന്നീ ദേശങ്ങളിൽ അധിവസിച്ചു വരുന്ന താഴെ പേരെഴുതി ഒപ്പിട്ടനാവർ ബോധിപ്പിക്കുന്ന ഹർജി.

(൧) എറണാകുളം പട്ടണത്തിൽ നിന്ന് ഉദ്ദേശം അഞ്ചു ഫർലോങ്ങ് കിഴക്കുവശത്തായിട്ടാണ് പ്രസ്താവ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. ടി ദേശങ്ങളിൽ ഉദ്ദേശം ൧൭൦൦ ആളുകളോളം സ്ഥിര താമസക്കാരായി ഉള്ളതിൽ മുക്കാലെ അരക്കാൽ ഭാഗം ആളുകളും സാധുക്കളും ദാരിദ്ര്യാവസ്ഥകൊണ്ട് നിത്യവൃത്തിക്കു ക്രുടി കഷ്ടപ്പെടുനാവരും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly